(ബി) സ്കൂൾ കേന്ദ്രീകരിച്ച് കുട്ടികളെ വഴിതെറ്റിക്കുന്ന സംഘങ്ങളെ നിരീക്ഷിക്കുന്നതിനും, മൊബൈൽ ഫോൺ സ്കൂളുകളിലേക്ക് കൊണ്ടുവരുന്നതിനും കർശനമായ വിലക്ക് ഏർപ്പെടുത്തുമോ ;

(സി) വിദ്യാർത്ഥികളുടെ മനോനില ശക്തിപ്പെടുത്തുന്നതിനും ഏതെങ്കിലും തരത്തിൽ ചതിയിൽപ്പെട്ടവരാണെങ്കിലും അവരുടെ സ്വകാര്യത സംരക്ഷിച്ച് ജീവിതത്തിലേക്ക് തിരികെ കൊണ്ടുവരുന്നതിനും ആത്മവിശ്വാസം വളർത്തുന്നതിനും ഓരോ വിദ്യാലയം കേന്ദ്രീകരിച്ച് ആവശ്യമായ ബോധവൽക്കരണം നൽകുന്നതിന് കർമ്മപദ്ധതികളാവിഷ്കരിക്കുമോ ; വിശദമാക്കുമോ ;

(ഡി) സ്കൂൾപരിസരങ്ങളിലെ കടകൾ, ഇന്റർനെറ്റ് കഫേകൾ എന്നിവ നിരീക്ഷിക്കുന്നതിന് ആഭ്യന്തര വകുപ്പുമായി സഹകരിച്ച് ഷാഡോ പോലീസിനെ നിയോഗിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

കായികാദ്ധ്യാപകരുടെ നിയമനം

11 (5075) ശ്രീ. എം. ഹംസ :
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. കെ. ദാസൻ :
ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്കൂളുകളിൽ കായികാദ്ധ്യാപകരെ നിയമിക്കുന്നതിൽ വിമുഖത കാണിക്കുന്നുണ്ടോ ;

(ബി) സ്കൂളുകളിൽ കായികാദ്ധ്യാപകരെ നിയമിക്കുന്നതിനുള്ള വ്യവസ്ഥകൾ എന്താണ് ; ഇപ്രകാരം നിയമനം നടക്കുന്നുണ്ടോ ; വ്യക്തമാക്കാമോ ;

(സി) കായികാദ്ധ്യാപകരില്ലാത്ത എത്ര സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട് ; എത്ര അദ്ധ്യാപകരുടെ ഒഴിവുകൾ നികത്താനുണ്ട് ; വിശദമാക്കാമോ ;

(ഡി) കായിക പഠനത്തിനായി എസ്.സി.ഇ.ആർ.ടി. അദ്ധ്യാപക പഠന സഹായി തയ്യാറായിട്ടുണ്ടോ ; എങ്കിൽ ഇത് വിതരണം ചെയ്തിട്ടുണ്ടോ ;

(ഇ) ഒഴിവുള്ള തസ്തികകളിൽ കായികാദ്ധ്യാപക തസ്തികകളിൽ നിയമനം നടത്തുന്നതിന് അടിയന്തരനടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇല്ല.

(ബി) കെ.ഇ.ആർ. അദ്ധ്യായം XXIII, റൂൾ 6 (4) ലെ വ്യവസ്ഥകൾ പ്രകാരം ആണ് സ്കൂളുകളിൽ കായികാദ്ധ്യാപകർ ഉൾപ്പെടെയുള്ള സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരെ നിയമിക്കുന്നത്. ഇതനുസരിച്ച് ഹൈസ്കൂൾ വിഭാഗത്തിൽ 5 പിരീഡ് ഉണ്ടെങ്കിൽ കായികാദ്ധ്യാപക തസ്തിക അനുവദിക്കാവുന്നതാണ്. യു.പി. സ്കൂളുകളിലോ ഹൈസ്കൂളിന്റെ ഭാഗമായ യു.പി. വിഭാഗത്തിലോ ഒരു സ്പെഷ്യലിസ്റ്റ് അദ്ധ്യാപകതസ്തിക അനുവദിക്കുന്നതിന് കുറഞ്ഞത് 500 കുട്ടികളെങ്കിലും ഉണ്ടായിരിക്കണം.

(സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) 5, 7 ക്ലാസ്സുകളിലെ പഠന സഹായി തയ്യാറാക്കി വിതരണം ചെയ്തിട്ടുണ്ട്. 6, 8 ക്ലാസ്സുകളിലെ പഠന സഹായി തയ്യാറാക്കി, അച്ചടി പുരോഗമിച്ചുവരുന്നു.

(ഇ) സ്വീകരിക്കുന്നതാണ്.

ഐ.ഡി.എം.ഐ. പദ്ധതി

12 (5076) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ന്യൂനപക്ഷ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി കേന്ദ്ര മാനവ വിഭവശേഷി മന്ത്രാലയം നടപ്പാക്കുന്ന ഐ.ഡി.എം.ഐ. (ഇൻഫ്രാസ്ട്രക്ച്ചർ ഡവലപ്മെന്റ് ഇൻ മൈനോറിറ്റി ഇൻസ്റ്റിറ്റ്യൂട്ട്സ്) പദ്ധതി എന്നുമുതൽ സംസ്ഥാനത്ത് നടപ്പാക്കുന്നു; ഇതേവരെ എത്ര രൂപ ഇതിനായി സംസ്ഥാനത്തിന് അനുവദിച്ചു; ഏതൊക്കെ സ്ഥാപനങ്ങൾക്കായി എത്ര തുക വീതം ഓരോ വർഷവും അനുവദിച്ചു എന്ന് സ്ഥാപനങ്ങളുടെ പേരും വർഷവും തിരിച്ച് വ്യക്തമാക്കാമോ; ഓരോ വർഷവും എത്ര അപേക്ഷയാണ് ലഭിച്ചത് ;

(ബി) പ്രസ്തുത തുക എന്തൊക്കെ പദ്ധതികൾ നടപ്പാക്കുന്നതിനാണ് അനുവദിച്ചിട്ടുള്ളത് ; തുക അനുവദിക്കുന്നതിനുള്ള മാനദണ്ഡമെന്ത് ; സംസ്ഥാനത്ത് ഈ തുകയുടെ വിതരണച്ചുമതല നിർവ്വഹിക്കുന്നത് ആരാണ് ;

LIBRARY ARCHIVES Kerala Legislative Assembly